# പതിനാലാം കേരള നിയമസഭ
# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3773** **19.03.2018 ൽ മറുപടിക്ക്**

## തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ

**ചോദ്യം**
**ശ്രീ.പി.കെ.അബ്ദു റബ്ബ്**

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(ബഹു:പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രവൃത്തികളായ കാളം തിരുത്തി ബദൽ വിദ്യാലയം കെട്ടിട പ്രവൃത്തി, തൃക്കുളം സ്കൂൾ കെട്ടിട പ്രവൃത്തി, തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ കെട്ടിടങ്ങൾ എന്നിവയുടെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ് ; ഇത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(ബി) ഇതിന്റെ ഇലക്ട്രിഫിക്കേഷൻ സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

(എ) & (ബി) കാളംതിരുത്തി ബദൽ വിദ്യാലയത്തിന്റെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട സിവിൽ പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പാണ് നടത്തിയിട്ടുള്ളത്. ഇതിന്റെ വൈദ്യുതീകരണ പ്രവൃത്തിയുടെ ഭരണാനുമതി 27/02/2018-ൽ മലപ്പുറം കളക്ടർ നൽകിയിട്ടുണ്ട്. മലപ്പുറം വൈദ്യുതി ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 03/03/2018-ൽ 13/03/2018 അവസാന തീയതിയായി ടെണ്ടർ വിളിച്ചെങ്കിലും ആരും ടെണ്ടർ നൽകിയിട്ടില്ല. ഈ പ്രവൃത്തി Short-Tender വിളിച്ച് ഒരു ആഴ്ചക്കകം നടപ്പിലാക്കാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി 2018 മാർച്ച് 31 ന് മുമ്പായി പൂർത്തീകരിക്കുന്നതാണ്. തൃക്കുളം സ്കൂൾ കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തി 09/01/2018-ൽ കോഴിക്കോട് വൈദ്യുതി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കരാർ ഉടമ്പടി നടത്തുകയും 90% പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. 20/03/2018 ന് മുൻപായി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ മെറ്റേർണിറ്റി വാർഡ് സ്ഥാപിക്കാനുള്ള ഭരണാനുമതി 05/10/2012-ൽ ആരോഗ്യ വകുപ്പ് നൽകുകയും എസ്റ്റിമേറ്റ് തുകയായ

322 ലക്ഷം പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ വൈദ്യുതീകരണത്തിനും ലിഫ്റ്റ്, ഫയർ എന്നിവ സ്ഥാപിക്കുന്നതിനുമായി 62 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15/06/2018-ന് മുൻപായി ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. ടി ആശുപത്രിയിലെ ഏർലി ഇന്റർവെൻഷൻ സെന്ററിൽ പുതിയ ബ്ലോക്കിന്റെ സിവിൽ പ്രവൃത്തികളോടൊപ്പം ഇലക്ട്രിക്കൽ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനായി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഹൈടെൻഷൻ സർവ്വീസ് ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിന് 39 ലക്ഷം രൂപയുടെ ഭരണാനുമതി ആരോഗ്യ വകുപ്പ് ഡയറക്ടർ 02/02/2018 – ൽ നല്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകാനും ടെണ്ടർ ക്ഷണിക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 2018 ആഗസ്റ്റ് 31 ന് മുൻപായി പൂർത്തീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**